**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3073** **14-02-2024 - ൽ മറുപടിയ്ക്ക്**

**തോടുകൾ വൃത്തിയാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും നീരൊഴുക്ക് കുറയുന്നത് മൂലം ജലം മലിനമാകുകയും രോഗങ്ങൾ പടർന്നു പിടിക്കുകയും ചെയ്യുന്ന പ്രത്യേക സാഹചര്യം പരിഹരിക്കാൻ പുതുതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും നീരൊഴുക്ക് കുറയുന്നത് മൂലം ജലം മലിനമാകുകയും രോഗങ്ങൾ പടർന്നു പിടിക്കുകയും ചെയ്യുന്ന പ്രത്യേക സാഹചര്യം പരിഹരിക്കാൻ പ്ലാൻ പദ്ധതി, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ജലാശയങ്ങളിലേയും തോടുകളിലേയും എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു. കൂടാതെ RKI, World Bank എന്നീ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയും പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും, പോളയും നീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിന് Restoration of Ecosystem of Kuttanad -Phase 1 എന്ന പ്രൊജക്റ്റ് വഴി 59.1 കോടി രൂപയുടെ ഡി .പി .ആർ ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.<br><br>Budget Speech Phase I-ൽ ഉൾപ്പെടുത്തി കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ ഫണ്ട് ഉപയോഗിച്ച് തോടുകളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയ ചെളി, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിന് 6 പ്രവൃത്തികൾക്കായി 299.84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 പ്രവൃത്തികൾ പുരോഗമിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 11 പ്രവൃത്തികൾക്കായി 1354 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതി നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ SDRF, മഴക്കാല മുന്നൊരുക്ക പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ മെയിൻറനൻസ്, എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളിലും, നീർച്ചാലുകളിലും അടിഞ്ഞു കൂടിയ |

| | | | |
|---|---|---|---|
| | | | ചെളിയും മാലിന്യങ്ങളും നീക്കം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ടി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് കുട്ടനാട്ടിലെ ആറുകളിലേയും തോടുകളിലേയും നീരൊഴുക്ക് കുറയുന്നത് പരിഹരിക്കുന്നതിന് ഒരു പരിധി വരെ സാധിക്കുന്നതാണ്. |
| (ബി) | വിവിധ തോടുകൾ വൃത്തിയാക്കുന്ന ജോലികൾ ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ